# ഒരു കൊടിയും ഒരു പിടി നസ്രാണികളും

ഡോ. എം. കുര്യൻ തോമസ്

**കൊ**ടിയടയാളം ഓരോ രാജ്യത്തിന്റെയും സമൂഹത്തിന്റെയും സംഘടനകളുടേയും വ്യക്തിത്വത്തിന്റെ പ്രതീകങ്ങളാണ്. ഇത്തരം സ്വത്വബോധത്തെ പ്രകടമാക്കുന്ന നിർദ്ദിഷ്ട നിറങ്ങളും ചിഹ്നങ്ങളും രൂപവുമുള്ള ധ്വജങ്ങൾ പുർവകാലം മുതലെ ഉണ്ടായിരുന്നു. ഗ്രീസിലെ നഗരരാജ്യങ്ങൾക്കും ഇന്ത്യയിൽ മഹാഭാരതകാലത്തും ഓരോ രാജ്യത്തിനും തനതായ കൊടിയടയാളങ്ങൾ ഉണ്ടായിരുന്നതായി കാണാം.

രാജ്യംപോലെതന്നെ സംഘടിത മതങ്ങൾക്കും കൊടിയടയാളങ്ങൾ രൂപപ്പെട്ടിരുന്നു. അവയ്ക്ക് അനുഷ്ഠാനപരമായ അർത്ഥതലങ്ങളും ഉണ്ടായിരുന്നു. രാജ്യങ്ങളേയും സംഘടനകളേയും പോലെ പട്ടാള നീക്കം, പ്രകടനങ്ങൾ മുതലായവയിലാണ് പ്രധാനമായും ധ്വജങ്ങൾ ഉപയോഗിച്ചിരുന്നത്. കൊൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം അംഗീകരിച്ചതിന്റെ പുറകിൽ തന്റെ കൊടിയടയാളമായി കുരിശിനെ സ്വീകരിച്ച സംഭവമാണല്ലോ പ്രശസ്തമായ ഐതീഹ്യം. ബൈസന്റൈൻ സഭകളിൽ *ഖറുഗ്* (Khorugv) എന്ന അടിയിൽ മൂന്നു തൊങ്ങലുകളോടുകൂടിയ ഐക്കൺ ചിത്രീകൃതമായ ഒരു തിരശ്ചീന പതാക അനുഷ്ഠാനപരമായി ഉപയോഗിക്കുന്നുണ്ട്. ഇവ പ്രധാന ദിവസങ്ങളിൽ പള്ളിക്കുള്ളിൽ പ്രതിഷ്ഠിക്കുകയും പ്രദക്ഷിണങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്തിരുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെത്തന്നെ അടിയിൽ ഇരട്ടക്കോണുള്ള കൊടി വഹിക്കുന്നതായി ഐക്കൺ ചിത്രീകരണങ്ങൾ ഉണ്ട്. അത്തരം കൊടിവഹിക്കുന്ന കുഞ്ഞാടായും ക്രിസ്തു ചിത്രീകരിക്കപ്പെടുന്നുണ്ട്. ഇത്തരം കൊടികളാണ് നസ്രാണികൾ പ്രദക്ഷിണത്തിന് ഉപയോഗിക്കുന്നത്.

ഇന്ത്യയിൽ ക്ഷേത്രങ്ങൾക്കും ബുദ്ധമതം മുതലായവയ്ക്കും സ്വന്തം കൊടിയടയാളങ്ങൾ ഉണ്ടായിരുന്നു. മനുഷ്യരൂപത്തിനു സദൃശ്യമായി വിവിധ നിറങ്ങളിലുള്ള വസ്ത്രഖണ്ഡങ്ങൾ ചേർത്താണ് കേരളത്തിലെ ക്ഷേത്രധ്വജങ്ങൾ രൂപപ്പെടുത്തുന്നത്. ഒരു കുരിശുകൂടെ തുന്നിച്ചേർത്ത ഇതേ രീതിയിലുള്ള കൊടികൾതന്നെയാണ് മാവേലിക്കര, കല്ലൂപ്പാറ മുതലായ പുരാതന നസ്രാണിപ്പള്ളികളിൽ പെരുന്നളിനു ഉയർത്തുന്നത്. ഇന്ന് ഭൂരിപക്ഷം പള്ളികളും സാധാരണ പ്രദക്ഷിണകൊടികൾ തന്നെയാണ് ധ്വജാരോഹണത്തിനും ഉപയോഗിക്കുന്നത്.

കൊടിയടയാളം ക്രിസ്തുമതം ലോകമാസകലം ഉപയോഗിക്കുന്നുണ്ടെങ്കിലും *കൊടിയേറ്റ്* നസ്രാണിക്കുമാത്രം സ്വന്തമാണ്. അതിനാൽ അവരുടെ ദേവാലയ ധ്വജസ്തംഭങ്ങൾക്കും ഇതര ക്രൈസ്തവ താരതമ്യമില്ല. ബുദ്ധ മഹാപ്രസ്ഥാനം, നമ്പൂതിരി ക്ഷേത്രോൽസവങ്ങൾ, ദ്രാവിഡ *കാവ്* അനുഷ്ഠാനങ്ങൾ ഇവയിൽനിന്നും ക്രൈസ്തവമായ മാനത്തോടെ രൂപംകൊടുത്ത *പെരുന്നാൾ* എന്ന ആഘോഷമാണ് നസ്രാണിക്ക് കൊടിമരവും കൊടിയേറ്റും സമ്മാനിച്ചത്. പാശ്ചാത്യ മാനദണ്ഡത്തിലെ *തിരുന്നാൾ* (feast) നസ്രാണിയുടെ പെരുന്നാളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. സാധാരണയയായി പെരുന്നാളിൽ ഒരു തിരുന്നാൾ ഉൾപ്പെടുമെങ്കിലും എപ്പോഴും അങ്ങനെ ആകണമെന്നില്ല (ഉദാ. കല്ലിട്ട പെരുന്നാൾ). പള്ളിപ്പെരുന്നാൾ തികച്ചും കേരളീയമായ ഉൽസവ പശ്ചാത്തലത്തിൽനിന്നു ഉടലെടുത്തതാണ്. അത് മറച്ചുവെയ്ക്കേണ്ട കാര്യമില്ല. ഇതിനെ ഇന്ത്യയിലെ ദേശീയ ക്രൈസ്തവതയുടെ ഒരു തനതു പ്രതീകമായി ധൈര്യപൂർവം കണക്കാക്കാം. ഇതിനാൽ കൊടിയേറ്റും ഇന്ത്യൻ ദേശീയ ക്രൈസ്തവ പ്രതീകമാണ്. അതിനുപയോഗിക്കുന്ന പതാക ബൈസന്റൈൻ സഭകളുടെ *ഖറുഗ്* പോലെ അനുഷ്ഠാനപരമാണ് അല്ലാതെ കേവലം സംഘടനാപരമല്ല. ഇവിടെ സഭയല്ല രക്ഷകനായ ക്രിസ്തുവാണ് ആരോഹണം ചെയ്യപ്പെട്ട ധ്വജത്താൽ പ്രതീകവൽക്കരിക്കപ്പെടുന്നത്.

*മുളയിട്ട്* (നവധാന്യങ്ങൾ മുളപ്പിച്ച്), *കൂറയിട്ട്* (കൂറപവിത്രം - ധ്വജം - ആരോഹണം ചെയ്ത്), *പടഹാദി* (വാദ്യമേളങ്ങളോടെ) എന്നിങ്ങനെ മൂന്നു വിധത്തിലാണ് അനുഷ്ഠാനപരമായ കേരളീയ ഉൽസവങ്ങൾ ആരംഭിക്കുന്നത്. ഇവയിൽ *കൂറയിട്ട്* എന്ന കൊടിയേറ്റു രീതിയാണ് നസ്രാണി സ്വീകരിച്ചത്. പടഹാദി പൂർണ്ണമായും ഉപേക്ഷിച്ചെന്നു പറയാനുമാവില്ല. കാരണം കൊടിയേറ്റിനു ചെണ്ടമേളവും കതിനാവെടികളും ഇന്നും നിലനിൽക്കുന്നുണ്ട്. പൊതുവെ മുഖ്യദിനത്തിന് എട്ടു ദിവസംമുമ്പ് കൊടിയേറുക എന്നതാണ് നസ്രാണി വഴക്കം. അന്നു മുതൽ മുഖ്യ പെരുന്നാൾ വരെ പ്രഭാത-പ്രദോഷ സന്ധ്യകളിൽ കതിനാവെടി വയ്ക്കുക എന്നതും പാരമ്പര്യമാണ്.

*സ്ഥിരം കൊടിമരം* എന്നത് കേരളത്തിലെ ഒരു പിൽക്കാല വികസനമാണ്. ഓരോ ഉൽസവത്തിനും അനുഷ്ഠാനപരമായി വെട്ടിയെടുത്ത കമുക് ആഘോഷമായി കൊണ്ടുവന്ന് സ്ഥാപിച്ച് കൊടിയേറ്റുക എന്നതായിരുന്നു പതിവ്. നസ്രാണിയും അനുവർത്തിച്ചിരുന്നത് ഈ പതിവാണ്. ലക്ഷണമൊത്ത കമുക് മുറിവായിൽ തേനൊഴിച്ച് നിലംതൊടാതെ മുറിച്ചെടുക്കും. ഇപ്രകാരം വെട്ടുന്നത് അതത് ദേവസ്ഥാനത്ത് - പള്ളിയായാലും - അവകാശമുള്ള മരയാശാരി ആയിരിക്കണമെന്ന് നിർബന്ധമാണ്. അവിടെനിന്നും നിലംതൊടാതെ കൈകളിലേന്തി വാദ്യമേളങ്ങളുടെയും കതിനാവെടികളുടെയും അകമ്പടിയോടെ പള്ളിയിലെത്തിക്കും. തുടർന്ന് ആശാരിതന്നെ തലമുറിച്ച് തൊലിചെത്തി മുകളിൽ മരക്കുരിശ് ഉറപ്പിക്കും. മാവില, കമുകിൻപൂക്കുല ഇവ കൊണ്ട് അലങ്കരിച്ച കൊടിമരം പള്ളി നടയിൽ കുഴിച്ചിടും. നടയ്ക്കു നേരെ ഏതാനും സെന്റീമീറ്റർ ഇടതോ വലതോ മാറി എന്നതാണ് ശാസ്ത്രപ്രകാരം കൊടിമരത്തിന്റെ ഉത്തമസ്ഥാനം. ദേവസ്ഥാനത്തിന്റെ അളവുമായി ബന്ധപ്പെടുത്തിയാണ് കൊടിമരത്തിന് ഉയരം നിശ്ചയിയ്ക്കുക. *കൊടിയേറ്റാൻ കത്തനാരുവേണം* എന്നതും ഇതിന്റെ അനുഷ്ഠാനപരതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

താൽക്കാലികമായ കമുകിൽനിന്നും സ്ഥിരം കൊടിമരത്തിലേയ്ക്കുള്ള പരിണാമമായിരുന്ന അടുത്തത്. കരിങ്കൽ തറയിൽ ലക്ഷണമൊത്ത ഒറ്റത്തടി തേക്കു ചെത്തിയെടുത്ത് സ്ഥാപിച്ച് അതിൽ ചെമ്പ്/പിത്തള *പറകൾ* ഇറക്കിയാണ് സ്ഥിരം കൊടിമരം നിർമ്മിച്ചിരുന്നത്. നൂറ്റാണ്ടുകൾ നിലനിൽക്കുന്ന ഇത്തരം കൊടിമരങ്ങളുടെ മുകളിൽ ക്ഷേത്രങ്ങളിലാണങ്കിൽ അതത് ക്ഷേത്രത്തിലെ മുഖ്യ ദേവതയുടെ വാഹനമായ മൃഗം/പക്ഷിയും, നസ്രാണിപ്പള്ളിയിലാണെങ്കിൽ കുരിശുമാണ് സ്ഥാപിക്കുക. ഇടക്കാലത്ത് സ്റ്റീൽ പൈപ്പുകൾ കൊടിമരത്തിനായി ഉപയോഗിച്ചെങ്കിലും അവയ്ക്കു പകരം ഇന്നു പരമ്പരാഗതമായ ചെമ്പുപറയിലേയ്ക്ക് മടങ്ങിവരികയാണ്. മിക്ക ക്ഷേത്രങ്ങളിലും ഉള്ളിലെ തേക്കിന്റെ സ്ഥാനത്ത് ഇന്നു കോൺക്രീറ്റ് ഇടംപിടിച്ചെങ്കിലും മൊത്തത്തിൽ ഇതൊരു ശുഭ ലക്ഷണമാണ്.

പള്ളിക്കൊടിമരങ്ങളുടെ ഉയരത്തിന് ഇന്ന് പ്രത്യേക മാനദണ്ഡങ്ങളൊന്നും പൊതുവേ പാലിക്കുന്നില്ല. എന്നാൽ ഭൂമി, മണ്ണിൽനിന്നും മെനഞ്ഞ ആദിമനുഷനായ ആദാമിനേയും, മുകളിലെ കുരിശ് യേശുക്രിസ്തുവിനേയും പ്രതീകവൽക്കരിച്ച് ആദം മുതൽ യേശുക്രിസ്തുവരെയുള്ള തലമുറകളുടെ എണ്ണത്തിനു സമമായ ഖണ്ഡങ്ങൾ കൊടിമരത്തിന് വേണമെന്ന തോമസ് മാർ അത്താനാസ്യോസ് സീനിയർ മെത്രാപ്പോലീത്തായുടെ നിർദ്ദേശം തികച്ചു പരിഗണനാർഹമാണ്.

തടിയുടെ സ്ഥാനത്ത് കരിങ്കൽ ധ്വജസ്തംഭങ്ങൾ അതീവ വിരളമാണ്. നിർമ്മാണ വൈഷമ്യമാണ് ഇതിന് മുഖ്യ കാരണം. ഇത്രയും നീളം ലഭിക്കാൻ അപൂർവ പ്രത്യേകതകളുള്ള സവിശേഷയിനം കരിങ്കല്ലുവേണം. അതിനതിസാധാരണമായ സാങ്കേതിക വൈദഗ്ദ്യമുള്ളവർക്കുമാത്രമേ ഇതു കൊത്തിയെടുക്കാനും സ്ഥാപിക്കാനും സാധിക്കൂ. അവസാന നിമിഷംപോലും നിർമ്മാണ തകരാറുവരാൻ വളരെയധികം സാദ്ധ്യതയുണ്ട്. അത്തരം സാഹചര്യത്തിൽ അതുപേക്ഷിച്ച് പുതിയതു നിർമ്മിക്കുക മാത്രമാണ് ഏക പ്രതിവിധി. ഇത്തരം ക്ലിഷ്ടതകളാലാണ് ശിലാധ്വജസ്തംഭ നിർമ്മാണം പുരോഗമിക്കാതിരുന്നത്.

21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദം വരെ തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ മാത്രമായിരുന്നു കേരളത്തിൽ കരിങ്കൽ കൊടിമരം ഉണ്ടായിരുന്നത്. ഇന്ന് പ്രത്യേക മേൽപ്പുര നിർമ്മിച്ച് അതിനെ സംരക്ഷിക്കുന്നു. 2011-ൽ *തോമയാർ കോവിലെന്ന* തിരുവിതാംകോട് അരപ്പള്ളിയിൽ പൂർണ്ണമായ ശിലാധ്വജസ്തംഭം സ്ഥാപിച്ചു ചരിത്രം സൃഷ്ടിച്ചു. ഇതിൽ ആകൃഷ്ടനായ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ 2012-ൽ ദേവലോകം കാതോലിക്കേറ്റ് അരമനയിലും കരിങ്കൽ കൊടിമരം സ്ഥാപിച്ചു. ഇന്ന് ഏതാനും നസ്രാണിപ്പള്ളികളിൽക്കൂടി ശിലാധ്വജസ്തംഭങ്ങൾ ഉയർത്തപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യ വികസിച്ചിട്ടും കരിങ്കൽ കൊടിമരങ്ങളുടെ നിർമ്മാണ/ ഗതാഗത പ്രക്രിയയുടെ സങ്കീർണ്ണത ഇന്നും നിലനിൽക്കുകയാണ്. അതിനാൽ അവയുടെ നിർമ്മിതിയും പരിമിതമാണ്.

ഹെല്ലനിക്ക് ക്രിസ്തുമതത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രതിരൂപങ്ങളും മാത്രമാണ് യഥാർത്ഥ ക്രിസ്തുമാർഗ്ഗം എന്ന മിഥ്യാധാരണ വെച്ചുപുലർത്തുന്ന ചിലർ ഇന്നും മലങ്കരസഭയിലുണ്ട്. അവർക്ക് കൊടിയും കൊടിമരവും കൊടിയേറ്റും വെറും സാമുദായിക പ്രതിരൂപങ്ങൾ മാത്രമാണ്. അവയുടെ അനുഷ്ഠാനപരമോ ഭക്തി-വിശ്വാസപരമോ ആയ പശ്ചാത്തലമോ കൗദാശിക പ്രാധാന്യമോ മനസ്സിലാക്കാനാവില്ല. അവർ ഇന്നുവരെ തിരിച്ചറിയാത്ത യാഥാർത്ഥ്യം ക്രിസ്തുമാർഗ്ഗം ഹെല്ലനിക്ക് അഥവാ ഗ്രീക്കോ-റോമൻ മാത്രമല്ല എന്നുള്ളതാണ്. ക്രിസ്തുമാർഗ്ഗം ഒരു ഏഷ്യൻ വിശ്വാസ സംഹിതയാണ്. അതിനു ഹെല്ലനിക്ക് മാത്രമല്ല സെമറ്റിക്, ആഫ്രിക്കൻ, ദ്രാവിഡ മുതലായ അനുഷ്ഠാന ഭേദങ്ങളുമുണ്ട്. അത് ഉൾക്കൊള്ളാനാവത്തവർക്ക് പരുമല പെരുന്നാളിന് കൊടികയറ്റുമ്പോൾ വെറ്റില വാരി എറിയുന്നത് കേവലം അന്ധവിശ്വാസമാണ്. ഉപരിചിന്തയിൽ അതേ മാനദണ്ഡം സ്വീകരിച്ചാൽ ക്രൈസ്തവാചാരങ്ങളെല്ലാം മൂഢാചാരങ്ങളാകും! അവർ അംഗീകരിക്കുന്ന ഹെല്ലനിക്ക് ക്രിസ്തുമാർഗ്ഗവും കേവലം ഒരു പ്രാദേശിക ആചാരത്തിന്റെ ക്രൈസ്തവവൽക്കരണമാണ്!

(*മലങ്കര ഓർത്തഡോക്സ് റ്റി.വി.*, 18 ജൂൺ 2016)